## GULF SAHODAYA(SAUDI CHAPTER) EXAMINATION 2013

**Subject: Malayalam** **Class – IX**

**Time: 3 hours** **Maximum Marks : 90**

**Total Number of Pages: 4**

---

### എ- വിഭാഗം

1 താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

അസ്ഥിരമായ ഭൂമിയിൽ ചവിട്ടി നിന്നുകൊണ്ട് സ്ഥിരതയ്ക്കു കൊതിക്കുന്ന ഏകജീവി മനുഷ്യൻ മാത്രമാണ്. സത്യധർമങ്ങളെയെല്ലാം ചവിട്ടിയരച്ചുകൊണ്ടാണ് അവൻ ഈ സ്ഥിരതയ്ക്കുവേണ്ടി യത്നിക്കുന്നത്. ഓരോ ദിവസം കഴിയുംതോറും മനുഷ്യൻ കൂടുതൽ സ്വാർഥനും, ദുരാഗ്രഹിയും, നിഷേധിയും ആയി അധഃപതിക്കുകയാണ്. ആർജ്ജിക്കുന്ന ഓരോ നേട്ടവും സ്വന്തം സുഖത്തിനായി മാത്രമാണ് ഉപയോഗപ്പെടുന്നത്. ഈ ആവേശം വർധിക്കുന്നതിനാൽ ചുറ്റുപാടുമുള്ള ജനതയോടും സമരസപ്പെടാനും മനുഷ്യനു കഴിയുന്നില്ല. സ്വന്തം ആധിപത്യം ഉറപ്പിച്ചു നിർത്താൻ സദാചാരത്തിന്റെ ഏത് അതിർവരമ്പും ലംഘിക്കുവാൻ ആർക്കും മടിയില്ലാതായിരിക്കുന്നു. മൂല്യങ്ങൾ പുനഃസ്ഥാപിക്കപ്പെടുന്ന ഒരു ചര്യയും സ്വീകരിക്കാതിരിക്കയും ഉള്ളവയെത്തന്നെ തകർത്തെറിയുകയും ചെയ്യുകയെന്നത് ഇന്നൊരു ഫാഷനായി മാറിയിരിക്കുന്നു. സുഖലോലുപതയുണ്ടാക്കാനുള്ള കൊതി സമൂഹത്തെ ഗ്രസിച്ചിരിക്കുന്നു. ഇങ്ങനെയെല്ലാം ലാഭം ഉണ്ടാക്കാം എന്നാണു പ്രാഥമിക വിദ്യാഭ്യാസത്തിനെത്തുന്ന കുട്ടികളിൽ പോലും കാണുന്ന സ്വഭാവസവിശേഷത. ആപത്കരമായ ഒരു പ്രവണതയാണു ഇതു മൂലം വളരുന്നത്. മുതിർന്നവരിൽ നിന്നു കുട്ടികളിലേക്കു പകർന്നു പടരുന്ന ഈ രോഗങ്ങൾക്കു ഒരു പരിഹാരം കാണുക എന്നത് വളരെ പ്രയാസകരമായിരിക്കുന്നു.

a) സ്ഥിരതയ്ക്കുവേണ്ടി മനുഷ്യൻ എന്താണു ചെയ്യുന്നത്? 2

b) ചുറ്റുപാടുമുള്ള കാര്യങ്ങളോടു മനുഷ്യനു സമരസപ്പെടാൻ കഴിയാത്തത് എന്തുകൊണ്ട്? 2

c) ഓരോ ദിവസം കഴിയും തോറും മനുഷ്യൻ എങ്ങനെയെല്ലാം അധഃപതിക്കുന്നു?2

d) ഇന്നു ഫാഷനായി മാറിയിരിക്കുന്നത് എന്താണ്? 2

e) എന്തിനെയാണു ആപത്കരമായ പ്രവണതയായി ചൂണ്ടിക്കാണിക്കുന്നത്? 2

### ബി-വിഭാഗം

1 റോഡുകളുടെ ശോചനീയാവസ്ഥ മൂലം നിങ്ങളുടെ നാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന യാത്രാക്ലേശം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗതാഗതവകുപ്പ് മന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക ?

II അഞ്ചോ ആറോ വാക്യത്തിൽ ആശയം വിശദീകരിക്കുക 4

a) " വിദ്യാധനം സർവധനാൽ പ്രധാനം"

അല്ലെങ്കിൽ

b) " മുല്ലപ്പൂമ്പൊടിയേറ്റുകിടക്കും
കല്ലിനുമുണ്ടാം സൗരഭ്യം"

III ഏതെങ്കിലും രണ്ടു ശൈലികൾ വാക്യത്തിൽ പ്രയോഗിക്കുക 2x1=2

a) വളം വച്ചു കൊടുക്കുക
b) അങ്ങാടിപ്പാട്ട്
c) കണ്ണിലുണ്ണി
d) കളമൊരുക്കുക

IV ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക 7

a) വിദ്യാഭ്യാസത്തിൽ വാർത്താമാധ്യമങ്ങൾക്കുള്ള പങ്ക്
b) വനവത്കരണം
c) ഗ്രന്ഥപാരായണം

## സി– വിഭാഗം

I a) പ്രയോഗം മാറ്റുക 2x1=2

1. സമുദായസ്ഥാപനങ്ങൾ ധൂർത്താചാരങ്ങളെ സാമാന്യനിലയിലേക്കു കൊണ്ടു വന്നു.
2. അദ്ദേഹം എന്നെ തിരിച്ചറിയും.

b) മഹാവാക്യം ആക്കുക 1

എന്റെ ശബ്ദം കനപ്പിക്കാൻ ഞാൻ ശ്രമിച്ചു. എനിക്കതിനു സാധിച്ചില്ല.

c) അന്യാഖ്യാനസംഭാഷണമാക്കുക 2

കരീം: കക്ഷീന്റെ കഥകളൊക്കെ എനിക്കു വലിയ ഇഷ്ടമാണ്.ഞാൻ മൂപ്പരുടെ ഒരാരാധകനാണ്.

ഉമ്മ : അല്ലാഹുവല്ലാതെ ആരാധനക്കർഹനായി ആരുമില്ല മോനെ.

d) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക 2x1=2

1. നിഷ്ക്കളങ്കയായ അയാളുടെ മകളുടെ കരച്ചിൽ എല്ലവരെയും സങ്കടപ്പെടുത്തി.
2. കോഴി കൊക്കരയിട്ടപ്പോളൊക്കെ ഉറക്കത്തിലും ലോകകാര്യങ്ങളിലോ മുഴുകിയ യാത്രക്കാർ പൊടുന്നനെ തല തിരിച്ചു പിന്നിലേക്കു നോക്കി..

II താഴെ തന്നിരിക്കുന്നവയുടെ ശരിയായ ഉത്തരം ബ്രായ്ക്കറ്റിൽ നിന്നെടുത്തെഴുതുക.

a) അർഥമെഴുതുക 2x1/2=1

പ്രതികാരണം

(പ്രതികാരം, ധാരാളിത്തം, മറുപടി, പകിട്ട്)

2. നാട്യം

( വഴി,നിസ്സാരം,ഭാവം,വൃത്തം)

b) വിപരീതപദമെഴുതുക 2x1/2=1

1. ഉത്തമം

( കഠിനം,വിരൂപം,അധമം,നിശ്ചലം)

2. സ്വസ്ഥം

(അസത്യം,അസ്വസ്ഥം,സസുഖം,അസ്ഥിരം)

c) രണ്ടു പര്യായപദങ്ങൾ എഴുതുക 1

കാക്ക

(കുക്കുടം, കാകൻ, ജംബുകം, ബലിഭുക്ക്)

d) നാനാർഥപദങ്ങൾ എഴുതുക 1

മേനി

(മേദിനി,ശരീരം,മോടി,മാളിക)

e) അർഥവ്യത്യാസം എഴുതുക 1

ഗണം–ഗുണം

(നന്മ, എണ്ണം,കൂട്ടം,വിരൂപം)

ഡി–വിഭാഗം

I ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക 6x1=6

a) യു.കെ.കുമാരൻ എഴുതിയ കഥ ഏത്?

(ഗുരുകുലം,മടുത്ത കളി,കല്ലെറിയുന്നവർ,കൊച്ചുകൊച്ചു മോഹങ്ങൾ)

b) ആർഭാടത്തെ ഏത് അവസ്ഥയായാണു എം.എൻ.വിജയൻ കാണുന്നത്?

(അരക്ഷിതം, ഉന്മാദം, ലളിതം,ശാന്തം)

c) 'കാട്ടിലേക്കു പോകല്ലേ കുഞ്ഞേ' എന്ന കഥയിലെ പ്രധാന കഥാപാത്രം ആര്?

( കരിനാക്ക് നബീസ,ഉമ്മ,കരീം,കച്ചവടക്കാരൻ)

d) 'യാദവനാശം' എന്ന കവിത ഏതു കൃതിയിൽ നിന്നെടുത്തതാണ്?

(മഗ്ദലനമറിയം,കൃഷ്ണഗാഥ,ഓടക്കുഴൽ,നിവേദ്യം)

e) 'അന്നം' എന്ന കവിത എഴുതിയതാര്?

(ബാലചന്ദ്രൻ ചുള്ളിക്കാട്, വൈലോപ്പിള്ളി,ഒ.എൻ.വി.കുറുപ്പ്,

ഇടശ്ശേരി ഗോവിന്ദൻ നായർ)

f)'മടുത്ത കളി'എന്ന കഥയുടെ അവസാനം കാണുന്ന വികൃതവേഷം കെട്ടി നിൽക്കുന്ന കഥാപാത്രം ആരാണ്?
(മുതലാളി, കോന്തപ്പൻ, മകൻ, മകൾ)

II ഉത്തരമെഴുതുക

a) ഉമ്മ അഭിമാനത്തോടെ പറഞ്ഞ ആ വലിയ സ്വപ്നം എന്തായിരുന്നു? 4

b) മകന്റെ മുഖത്തെ തിളക്കം കെട്ടതെങ്ങനെ? 4

c) എന്തു കൊണ്ടാണു സമുദായങ്ങൾ സമൂഹത്തിനു വേണ്ടി ഇടപെടണം എന്നു പറയുന്നത്? 4

d) സുഹൃത്ത് തന്നെ തിരിച്ചറിയാതിരിക്കട്ടെയെന്ന് പ്രാർത്ഥിച്ച് കഥാകൃത്ത് മുഖം വെട്ടിച്ചിരുന്നത് എന്തുകൊണ്ട്? 4

III a) "ശൂരന്മാരായുള്ള വീരന്മാർക്കന്നേരം
കാരുണ്യമെന്നതു ദൂരമായി"

ഈ വരികൾ ഏതു കവിതയിൽ നിന്നെടുത്തിട്ടുള്ളതാണ്? 1

ഇന്നത്തെ സമൂഹത്തിന് എന്തു പാഠമാണ് ഈ കവിതയിൽ നിന്നു ലഭിക്കുന്നത്? 3

b) "ആരുപെറ്റതാണാവോ പാവമിച്ചെറുക്കനെ,
ആരാകിലെന്ത്? അപ്പെണ്ണിൻ ജാതകം മഹാകഷ്ടം"-

ആരാണങ്ങനെ ചോദിക്കുന്നത്? എപ്പോൾ? 4

c) മദ്യപിച്ച യാദവരുടെ സ്വഭാവത്തിൽ വന്ന മാറ്റം കവി എങ്ങനെ വർണിച്ചിരിക്കുന്നു? 4

d) "എനിക്കു ചിരി വന്നു;ബാഹുകദിനമുന്തി-
ക്കഴിക്കുമവിടുത്തെജ്ജാതകം ബഹുകേമം"-

സന്ദർഭം,ആശയം,അലങ്കാരം എന്നിവ ലക്ഷണമെഴുതി വിശദമാക്കുക 4

IV ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക 5x2=10

a) 'ഒരു ചെറിയ ഉദാഹരണം കൊണ്ട് അങ്ങെന്നെ സത്യത്തിലേക്കു നയിച്ചു'-ആൾവാറിലെ രാജാവ് പറഞ്ഞ ആ സംഭവം എന്തായിരുന്നു?

b) തേജസ്വിയായ വാഗ്മിയായി വിവേകാനന്ദൻ മാറിയതെങ്ങനെ?

c) മാതൃരാജ്യത്തിന്റെ നരകയാതന ഇല്ലതാക്കാൻ സ്വാമി നടത്തിയ പ്രസംഗപര്യടനത്തെക്കുറിച്ച് വിവരിക്കുക

++++++++++++++++++++++++